കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയ്ക്കൽ നഗരസഭ - 2014-15 വർഷം സിഡ്കോയിൽനിന്നും എടുത്ത ഭവനശ്രീ വായ്പ തിരികെയടയ്ക്കാൻ സേവിംഗ്സ് തുകയിൽനിന്ന് മതിയായ വിഹിതമുപയോഗിക്കുവാൻ . അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1293/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 08.05.2018.

---

വായന:- 1. കോട്ടയ്ക്കൽ നഗരസഭാ ചെയർമാന്റെ 17/03/2018 ലെ PO/13189/14 നം കത്ത്

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കമ്മിറ്റിയുടെ 21/03/2018 ലെ 4.63 നമ്പർ തീരുമാനം.

## ഉത്തരവ്

കോട്ടയ്ക്കൽ നഗരസഭ 2014-15 വർഷം സിഡ്കോയിൽനിന്നും ഭവനശ്രീ വായ്പ എടുത്തിട്ടുണ്ടെന്നും 2017-18 വാർഷിക പദ്ധതിയിലുൾപ്പെട്ട ധനകാര്യകമ്മീഷൻ ഗ്രാന്റടക്കമുള്ള സേവിംഗ്സ് തുക ഈ വായ്പയുടെ തിരിച്ചടവിനുപയോഗിക്കാൻ അനുമതി നൽകണമെന്നും കോട്ടയ്ക്കൽ നഗരസഭാ ചെയർമാൻ വായന(1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. 21/03/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയ്ക്കൽ നഗരസഭ 2014-15 വർഷം സിഡ്കോയിൽനിന്നും എടുത്ത ഭവനശ്രീ വായ്പ തിരികെയടയ്ക്കാൻ ലൈഫ് പദ്ധതിയ്ക്ക് മതിയായ തുക വകയിരുത്തിയിട്ടുണ്ടെങ്കിൽ സേവിംഗ്സ് തുകയിൽനിന്ന് മതിയായ വിഹിതമുപയോഗിക്കാവുന്നതാണെന്നും ഇതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ലെന്നും വായന(2) ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചെയർപേഴ്സൺ/സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ(ഡി എ) വകുപ്പ്
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ